**ചരമോപചാരം**

## മുൻ കേരള ഗവർണ്ണർ ആർ. എസ്. ഗവായ്, മുൻ കേരള നിയമസഭാ അംഗം നിക്കോളാസ് റോഡ്രിഗ്സ് എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ കേരളാ ഗവർണ്ണർ ആർ. എസ്. ഗവായ്, മുൻ കേരള നിയമസഭാ അംഗം നിക്കോളാസ് റോഡ്രിഗ്സ് എന്നിവർ അടുത്തകാലത്ത് നിര്യാതരായി.

## ആർ. എസ്. ഗവായ്

മുൻ കേരളാ ഗവർണ്ണർ ആർ. എസ്. ഗവായ് 2015 ജൂലൈ 25-ന് അന്തരിച്ചു. മഹാരാഷ്ട്രയിലെ അമരാവതി ജില്ലയിൽ ദാരാപ്പൂരിൽ 1929 ഒക്ടോബർ 30 - ന് രാമകൃഷ്ണ സൂര്യ ഭാൻ ഗവായ് എന്ന ആർ. എസ്. ഗവായ് ജനിച്ചു. നാഗ്പൂർ സർവ്വകലാശാലയിൽനിന്നും ബിരുദ പഠനം പൂർത്തിയാക്കിയശേഷം ഡോ. ബി. ആർ. അംബേദ്കർ സ്ഥാപിച്ച റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യയുടെ പ്രവർത്തകനായി സജീവ രാഷ്ട്രീയത്തിലെത്തി.

1964 മുതൽ 1994 വരെ മഹാരാഷ്ട്ര ലെജിസ്ലേറ്റീവ് കൗൺസിൽ അംഗമായിരുന്ന ആർ. എസ്. ഗവായ് 1968-78 കാലയളവിൽ മഹാരാഷ്ട്ര ലെജിസ്ലേറ്റീവ് കൗൺസിൽ ഡെപ്യൂട്ടി ചെയർമാനായും 1978-84 കാലയളവിൽ ചെയർമാനായും 1986-88 കാലയളവിൽ പ്രതിപക്ഷ നേതാവായും ചുമതല

വഹിച്ചിട്ടുണ്ട്.

1998-ൽ അമരാവതിയിൽനിന്നും 12-ാം ലോകസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കമ്മിറ്റി ഓൺ അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ്, കൃഷി മന്ത്രാലയത്തിന്റെ കൺസൽട്ടേറ്റീവ് കമ്മിറ്റി എന്നീ പാർലമെന്ററി സമിതികളിൽ അംഗമായിരുന്നു.

ബീഹാർ ഗവർണ്ണറായും സേവനമനുഷ്ഠിച്ചിട്ടുള്ള ആർ. എസ്. ഗവായ് 2008 മുതൽ 2011 വരെ കേരള ഗവർണ്ണറായിരുന്നു. കേരളത്തിന്റെ വികസന കാര്യങ്ങളിൽ പ്രത്യേക താല്പര്യം പ്രകടിപ്പിച്ചിരുന്ന അദ്ദേഹം ഇടക്കാലയളവിൽ രാജ്യത്തിന്റെ ശ്രദ്ധയാകർഷിച്ച പല തീരുമാനങ്ങളും കൈക്കൊള്ളുകയുണ്ടായി.

ആർ. എസ്. ഗവായ്-യുടെ നിര്യാണത്തോടെ മികച്ച സംഘാടകനേയും പാർലമെന്റേറിയനേയും കഴിവുറ്റ ഭരണാധികാരിയേയുമാണ് നഷ്ടമായിരിക്കുന്നത്.

## നിക്കോളാസ് റോഡ്രിഗ്സ്

മുൻ കേരള നിയമസഭാംഗം നിക്കോളാസ് റോഡ്രിഗ്സ് 2015 ജൂലൈ 4 - ന് അന്തരിച്ചു.

എറണാകുളം ജില്ലയിലെ വടുതലയിൽ സൈമൺ റോഡ്രിഗ്സിന്റെയും അനത്താസിയയുടെയും മകനായി 1927 ജൂലൈ 16-ന് നിക്കോളാസ് റോഡ്രിഗ്സ്

ജനിച്ചു. രണ്ടാം ലോക മഹായുദ്ധക്കാലത്ത് ബ്രിട്ടീഷ് റോയൽ നേവിയിൽ സേവനമനുഷ്ഠിച്ചുകൊണ്ട് ഔദ്യോഗിക ജീവിതം ആരംഭിച്ച നിക്കോളാസ് റോഡ്രിഗ്സ് തുടർന്ന് എഫ്.എ.സി.ടി. ജീവനക്കാരനായി ട്രേഡ് യൂണിയൻ രംഗത്തും പിന്നീട് കേരള കർഷക സംഘത്തിന്റെ പ്രവർത്തങ്ങളിലും സജീവമായി.

1987-ൽ എട്ടാം കേരള നിയമസഭയിലേയ്ക്ക് ആംഗ്ലോ-ഇൻഡ്യൻ പ്രതിനിധിയായി നിക്കോളാസ് റോഡ്രിഗ്സ് നാമനിർദ്ദേശം ചെയ്യപ്പെട്ടു. കേരള കർഷക സംഘം ഏരിയാ സെക്രട്ടറി, എറണാകുളം ജില്ലാ കമ്മിറ്റി അംഗം, സി. പി. ഐ. (എം.) ബ്രാഞ്ച് അംഗം തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

നിക്കോളാസ് റോഡ്രിഗ്സിന്റെ നിര്യാണത്തോടെ കഴിവുറ്റ ഒരു സംഘാടകനെയാണ് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദര സൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാ അംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു).